**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം
**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 4, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2007 സെപ്റ്റംബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു)

1(*1) വില നിയന്ത്രണ നടപടികൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നൽകിയ മറുപടിയിൽ, കാലവർഷക്കെടുതി, പകർച്ചപ്പനി, കുത്തകകളുടെ പ്രവേശനം എന്നീ കാരണങ്ങളാൽ ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയാൻ സർക്കാർ കാലേകൂട്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചുവെന്ന് സഭയെ അറിയിച്ചു. ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സിറ്റി കോർപ്പറേഷനുകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും 129 ഓണം മാർക്കറ്റുകളുമടക്കം 145 വിൽപന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചതുകൂടാതെ സിവിൽ സപ്ലൈസ്

കോർപ്പറേഷന്റെ എല്ലാ വിൽപ്പന ഔട്ട്ലറ്റുകളും മിനി ഓണം ബസാറുകളായും പ്രവർത്തിച്ചു. ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. മെട്രോ/ടൗൺ പീപ്പിൾസ് ബസാറുകളിൽ സപ്ലൈകോ സ്റ്റാളുകൾക്ക് പുറമെ ഗവൺമെന്റ് സ്ഥാപനങ്ങളായ എം.പി.ഐ., മിൽമ, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ്, കയർബോർഡ് എന്നിവയുടെ സ്റ്റാളുകളും പ്രവർത്തിച്ചിരുന്നു. 19.8.2007, 26.8.2007 എന്നീ ഞായറാഴ്ചകളിലും സപ്ലൈകോ വിൽപ്പനശാലകൾ തുറന്നുപ്രവർത്തിച്ചിരുന്നു. ഓണദിവസങ്ങളായ 22.8.2007 മുതൽ 26.8.2007 വരെ എല്ലാ മാവേലി സ്റ്റോറുകളും ഇടവേളയില്ലാതെ പ്രവർത്തിച്ചു. ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കും 1.5 കിലോഗ്രാം പഞ്ചസാര റേഷൻ വിലയ്ക്ക് നൽകിയിരുന്നു. ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയതിൽ 550 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓണക്കാലത്തു തുടങ്ങിയ ഈ സംവിധാനം തുടരുന്നതിനും എല്ലാ നിത്യോപയോഗസാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന തരത്തിൽ എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ ആരംഭിക്കുന്നതിനും നടപടി

സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ കൂടുതൽ അനുവദിക്കുന്നതിനും പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പീപ്പിൾസ് ബസാറുകൾ താലൂക്ക് തലത്തിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുടുംബശ്രീ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ സപ്ലൈകോ വഴി ഇപ്പോൾ വിതരണം നടത്തുന്നുണ്ടെങ്കിലും അവ കുറച്ചുകൂടി വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുക, സപ്ലൈകോയുടെ ഔട്ട്ലറ്റുകൾ വിപുലീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കുത്തക കമ്പനികളുടെ റീട്ടെയിൽ സെക്ടറിലേയ്ക്കുള്ള പ്രവേശനം നേരിടുന്നതിനും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി മാംസത്തിന്റെ വില നിയന്ത്രിക്കുന്നതിനും മത്സ്യഫെഡുമായി ആലോചിച്ച് പൊതുവിതരണ സമ്പ്രദായത്തിൽ ക്വാട്ട് ചെയ്ത് മത്സ്യത്തിന്റെ വില നിയന്ത്രിക്കുന്നതിനും നടപടികളെടുത്തുവരികയാണ്. സബ്സിഡി നിരക്കിൽ 307 രൂപക്ക് കേരളത്തിൽ എൽ.പി.ജി. സിലിണ്ടർ വിതരണം ചെയ്യുന്നതുമൂലം ഓയിൽ കമ്പനികൾക്ക് ഭീമമായ നഷ്ടം വരുന്നതുകൊണ്ട് കേരളത്തിന്റെ ആവശ്യങ്ങൾക്കനുസരണമായി എൽ.പി.ജി. സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിന് അവർ തയ്യാറാകുന്നില്ല. ഓയിൽ കമ്പനികളുടെ ഉന്നതതല കോൺഫറൻസുകൾ വിളിച്ചുചേർത്ത് സുതാര്യവും സുഗമവുമായ രീതിയിൽ എൽ.പി.ജി. സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് കൃത്യസമയത്ത്

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ശബരി സ്റ്റോറുകളിൽ ചിലത് ലാഭത്തിലും ചിലത് നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. അവ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ശക്തമായ മാർക്കറ്റ് ഇന്റർവെൻഷന്റെ ഫലമായി ടേണോവറിലും ക്വാണ്ടിറ്റിയിലും വർദ്ധനവുണ്ടായിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 30 മുതൽ 50 ശമതമാനത്തിലേറെ വിലക്കുറവിലാണ് സപ്ലൈകോ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുള്ളത്. ഈ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ ഓണക്കാലത്തേതിനേക്കാൾ വില കൂടിയിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കുന്നതാണ്. കേരഫെഡ് ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് ഓപ്പൺ മാർക്കറ്റിലേതിനേക്കാൾ വില കുറച്ച് കൂടുതലാണ്. എല്ലാ കച്ചവട-വ്യാപാര സ്ഥാപനങ്ങളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന നിയമം പാലിക്കാത്തവർക്കെതിരെ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ ആരംഭിച്ചിട്ടുള്ള കൃഷിക്കാരുടെ രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് കഴിഞ്ഞ തവണത്തെപ്പോലെ 8.50 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. സർക്കാരിന്റെ ഭരണപരമായ നടപടിക്രമങ്ങൾ പാലിച്ച് ദേവികുളം മണ്ഡലത്തിൽ ആവശ്യമായ മാവേലി സ്റ്റോറുകളും ലാഭം മാർക്കറ്റുകളും സ്ഥാപിക്കുന്നതാണ്. പാപ്പിനിശ്ശേരി മണ്ഡലത്തിൽ ശബരി സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ബാലുശ്ശേരി, മൊകേരി, താനൂർ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനത്തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. റംസാനുമുമ്പുതന്നെ ശാസ്ത്രീയമായ പൊതു അറവുശാലകൾ തുടങ്ങുന്ന

കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് റംസാനുമുമ്പ് റേഷൻ ഷോപ്പുകൾ വഴി ആവശ്യമായ പച്ചരി ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ്. ഓണച്ചന്തകളിൽ നാടൻകായ എന്നുപറഞ്ഞ് കൂടിയവിലയ്ക്ക് തമിഴ്നാട്ടിലെ ഏത്തക്കായ വിതരണം ചെയ്തതുസംബന്ധിച്ച് പരിശോധിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പകർച്ചപ്പനി ബാധിച്ച ബി.പി.എൽ.കാർക്കും കോളനി നിവാസികൾക്കുമായി 3 ലക്ഷം ഭക്ഷ്യ കിറ്റുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. രണ്ടുലക്ഷത്തിലേറെ അപേക്ഷകർക്ക് ഇനിയും കൊടുക്കാനുണ്ട്. 16.8.2007 വരെ തയ്യാറാക്കിയ ലിസ്റ്റിലെ മുഴുവൻ ആളുകൾക്കും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിനും അതോടുകൂടി ഈ സംവിധാനം അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ ചില കുത്തക കമ്പനികൾക്ക് ലൈസൻസ് കൊടുത്തിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവ ബന്ധപ്പെട്ട പഞ്ചായത്തുകൾ പുന:പരിശോധിക്കുന്നതാണ്. കേരളത്തിൽ ഏതു മൊണോപ്പൊളി വന്നാലും അവയുമായി മത്സരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ തയ്യാറാണ്. റിമോട്ട് ഏരിയ, ആദിവാസി കോളനികൾ, ഹരിജൻ കോളനികൾ എന്നിവയാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾക്കായി പരിഗണിക്കുന്നത്. ഇപ്പോൾ 7 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുണ്ട്. അവ കൂടുതൽ വിപുലമാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ഏതാനും മാവേലി മെഡിക്കൽ സ്റ്റോറുകളിൽ 50% വരെ വിലകുറച്ച് പകർച്ചവ്യാധികൾക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഇത് 60 മാവേലി മെഡിക്കൽ സ്റ്റോറുകളിലും കൊടുക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കുകയാണ്. കേരളത്തിലെ ഒരു ജില്ലയിലെങ്കിലും

പൊതുവിതരണ സമ്പ്രദായം ഒരു പൈലറ്റ് പ്രോജക്ടായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ കൊണ്ടുവരാൻ കഴിയുമോ എന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പണപ്പെരുപ്പത്തിനനുസരിച്ച് മാർക്കറ്റിൽ വിലനിലവാരം കൂടിയും കുറഞ്ഞുമിരിക്കുമെന്നും മരുന്നിന് 4% നികുതിയേർപ്പെടുത്തിയതുകൊണ്ട് വിലക്കയറ്റമുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടത് ധനകാര്യ വകുപ്പാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി..

2 (*2) <u>എം.ഒ.പി., സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്ക്കരണവും ഫയൽ തീർപ്പാക്കുന്നതിലെ കാലതാമസവും</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, നിലവിലുള്ള ആഫീസ് നടപടിക്രമങ്ങളിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫയലുകൾ അടിയന്തിരമായി തീർപ്പുകല്പിക്കുന്നതിനായി ഓരോ മാസവും നടത്തുന്ന സ്റ്റാഫ് മീറ്റിംഗിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുകൂടാതെ ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിൽ വകുപ്പുകളുടെ ഓരോ മാസത്തേയും പ്രവർത്തന വിവരം അവലോകനം ചെയ്യുന്നുമുണ്ട്. ഫയലുകൾ ശരിയായ രീതിയിൽ പരിശോധിക്കാതെയും അനാവശ്യമായി വച്ചുതാമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മാസത്തിലൊരിക്കലെങ്കിലും സെക്രട്ടറിമാർ അവരുടെ വകുപ്പിലെ സെക്ഷനുകളിൽ പരിശോധന നടത്തി ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി

അധികാരപ്പെടുത്തുന്ന ഒരു ടീം ജീവനക്കാരുടെ ഹാജർ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തി മേൽ നടപടികൾ എടുക്കണമെന്നും 3.8.2007-ലെ സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടറി തലത്തിൽ ഇതുസംബന്ധിച്ച് എടുക്കുന്ന നടപടികളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും നിശ്ചിത വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം താഴേത്തലങ്ങളിലേയ്ക്ക് വികേന്ദ്രീകരിച്ചു നൽകുന്ന കാര്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണംവഴി ഫയലുകൾ കൈകാര്യം ചെയ്യുന്നത് കൂടുതൽ ഫലപ്രദവും കർശനവുമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഫയലുകൾ തീർപ്പാക്കുന്നതു സംബന്ധിച്ച് സെക്രട്ടറിമാരും ചീഫ് സെക്രട്ടറിയും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കുറച്ചുകൂടി സ്പീഡപ് ചെയ്യാനും പൊതുജനങ്ങളുടെ ആവലാതികൾക്കും പ്രശ്നങ്ങൾക്കും വേഗത്തിൽ പരിഹാരം കാണുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഒരു സെക്ഷനിലെ ക്ലാർക്ക് അവധിയാണെങ്കിലും പ്രസ്തുത സീറ്റിലെ ഫയലിനെ സംബന്ധിക്കുന്ന വിവരം അതാതു സെക്ഷൻ ഹെഡിൽ നിന്നും അറിയുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സെക്ഷനുകളിൽ നിന്നും ഫയലുകൾ കാണാതാകുന്നതുസംബന്ധിച്ച് വസ്തുതകൾ ചൂണ്ടിക്കാട്ടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. ഫയലുകളെ സംബന്ധിച്ച വിവരം അറിയുന്നതിന് ഓരോ ഓഫീസിലും എൻക്വയറി കൗണ്ടർ

തുടങ്ങണമെന്നും കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ഫയൽ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കണമെന്നുമുള്ള മൂന്നാം ഭരണപരിഷ്ക്കാര സമിതി റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഓഫീസുകളിലെ സാധാരണ ഫയൽ, പ്രധാനപ്പെട്ട ഫയൽ എന്നിവ സംബന്ധിച്ച മാസവിവരപ്പട്ടിക തയ്യാറാക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഓഫീസ് സമയത്ത് അവരവരുടെ ചുമതലകൾ നിറവേറ്റാതെ ജാഥയ്ക്കും മീറ്റിംഗിനും പോകുന്നത് മേലിൽ ആവർത്തിക്കാതിരിക്കാനുള്ള കർശന നിർദ്ദേശം നൽകുന്നതാണ്. ആനുകൂല്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമ്പോൾത്തന്നെ അവരവരുടെ ചുമതല നിറവേറ്റുന്ന കാര്യത്തിൽ വീഴ്ചവരുത്തരുതെന്ന് സംഘടനാ നേതാക്കളോട് നിർദ്ദേശിച്ചിട്ടുണ്ട്. എം.എൽ.എ.മാർ നൽകുന്ന കത്തുകൾക്കുപോലും സർക്കാർ ഓഫീസിൽ നിന്നും മറുപടി ലഭിക്കുന്നില്ലെന്നുള്ള പരാതി കൃത്യമായി ചൂണ്ടിക്കാണിച്ചാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഫണ്ട് ലഭിക്കുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭിച്ചുകഴിഞ്ഞാൽ ത്വരിതഗതിയിൽ സഹായമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ കപ്പാസിറ്റി ബിൽഡിംഗിനുവേണ്ടി സാങ്കേതിക കാര്യങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സെക്രട്ടേറിയറ്റിലേയ്ക്ക് വകുപ്പുതലവന്മാർ പ്രൊപ്പോസൽ അയച്ചാലും നടപടി താമസിക്കുന്നതുസംബന്ധിച്ച് സ്പെസിഫിക്കായി ബന്ധപ്പെട്ടവരെ അറിയിച്ചാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്രട്ടേറിയറ്റുൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ ഹെൽപ് ഡെസ്ക്കും ഏകജാലക സംവിധാനവും ഏർപ്പെടുത്തുന്നതു സംബന്ധിച്ചും എം.ഒ.പി. പരിഷ്ക്കരിക്കുന്നതു സംബന്ധിച്ചും പരിശോധിക്കുന്നതാണ്. വിവിധ വകുപ്പുകളിലെ കേസുകൾ സമയത്തിന് കൈകാര്യം ചെയ്യാൻ ഗവൺമെന്റ് പ്ലീഡർമാർക്ക് കഴിയാതെ വരുന്നതുകൊണ്ട് അപ്പീൽ കൊടുത്ത് അവ നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കാലതാമസംകൂടാതെ ഫയലുകൾ തീർപ്പാക്കുന്നതിനും ഫയലുകൾ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും അംഗങ്ങളിൽ നിന്നുമുണ്ടായിട്ടുള്ള നിർദ്ദേശങ്ങളും വിമർശനങ്ങളും ഗൗരവമായി പരിശോധിച്ച് കർശനമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

3 (*8) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, Manpower retraining/redeployment, സമാന സ്വാഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു. കൂടാതെ വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ മാർഗ്ഗങ്ങളും സമാന മേഖലയിലെ ദേശീയ

തലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, Web enabled Performance Monitoring കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദ്ഗദ്ധ്യമുള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുക, നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും മാനേജിംഗ് ഡയറക്ടർമാർക്കും അവാർഡ് നൽകുക, കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക മുതലായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

4 (*13) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി നിലവിലുള്ള എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നറിയിച്ചു. കൂടാതെ ജില്ലാ കളക്ടറുടെ കീഴിൽ സിവിൽ സപ്ളൈസ്, ഹെൽത്ത്, ലീഗൽ മെട്രോളജി, സെയിൽസ് ടാക്സ്, പോലീസ് എന്നീ വകുപ്പുകളുടെ ജില്ലാതല/താലൂക്കുതല സ്ക്വാഡുകൾ, പൊതുകമ്പോളത്തിൽ ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, പലവ്യഞ്ജനക്കടകൾ എന്നിവയിൽ റെയ്ഡ് നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. ജില്ലാ/താലൂക്കുതല പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ എന്നിവ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി ഗവൺമെന്റിനെ

സഹായിക്കുന്നുണ്ട്. ഓണക്കാലത്ത് 1892 ഗോഡൗണുകളിൽ പരിശോധന നടത്തിയതിലൂടെ 165 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

5 (*21) ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നറിയിച്ചു. സംസ്ഥാനതലത്തിൽ ഭക്ഷ്യ വകുപ്പുമന്ത്രി ചെയർമാനും ഭക്ഷ്യ വകുപ്പ് സെക്രട്ടറി കൺവീനറുമായി പുന:സംഘടിപ്പിക്കപ്പെട്ട സംസ്ഥാനതല ഭക്ഷ്യോപദേശക സമിതിയിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉപഭോക്തൃ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളിലെ അംഗങ്ങളും ബന്ധപ്പെട്ട വകുപ്പുതലവന്മാരും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലാതലത്തിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധിയും ജില്ലാ ട്രേഡ് യൂണിയൻ സംഘടനാ പ്രതിനിധികളും ജില്ലയിലെ എല്ലാ എം.പി.മാരും എം.എൽ.എ.മാരും ഉപഭോക്തൃ സംഘടനകളുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പാലിറ്റി സെക്രട്ടറി/ചെയർമാൻ, ജില്ലാ പഞ്ചായത്തിലെ പ്രതിപക്ഷനേതാവ് തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

6 (*22) മേൽത്തട്ട് പരിധി

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, മേൽത്തട്ട് പരിധി നിർണ്ണയിക്കാൻ സർക്കാർ നിയോഗിച്ച രാജേന്ദ്ര ബാബു കമ്മീഷൻ 07.08.2007-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചു. അതിൽ മേൽത്തട്ട് പരിധി അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുവരെ 2.50 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

7 (*23 & 24) <u>പാൽ ഉൽപ്പാദനവും ഗുണനിലവാരവും</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പ്രതിദിനം 80 ലക്ഷം ലിറ്റർ പാൽ വിതരണത്തിനാവശ്യമാണെന്നും 2006-07-ലെ കണക്കുകൾ പ്രകാരം പ്രതിദിനം 55.91 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നുവെന്നുമറിയിച്ചു. സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പി.എഫ്.എ. (പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ) നിയമപ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. അവശ്യസാധന നിയന്ത്രണ നിയമത്തിലെ മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ഡയറികൾ പരിശോധിച്ച് പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും നിർമ്മാണം ശുദ്ധവും സുരക്ഷിതവുമായാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

8 (*25) <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2007 മേയ് മുതൽ 31.08.2007 വരെ വിവിധ ജില്ലകൾക്ക് 9,07,78,500 രൂപ നൽകിയിട്ടുണ്ടെന്നറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (25) <u>സെക്രട്ടേറിയറ്റിലെ പെൻഡിംഗ് ഫയലുകൾ</u>

സെക്രട്ടേറിയറ്റിൽ 31-7-2007-വരെ 130376 ഫയലുകൾ തീരുമാനമാകാതെ കെട്ടിക്കിടപ്പുണ്ട്. രണ്ടുവർഷത്തിലധികം പഴക്കമുള്ള 13172 ഫയലുകളും ഒരുവർഷത്തിനുമേൽ രണ്ടുവർഷംവരെ കാലപ്പഴക്കമുള്ള 17198 ഫയലുകളുമുണ്ട്.

2 (35) <u>പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ അടങ്കൽ തുക</u>

പതിനൊന്നാം പഞ്ചവൽസര പദ്ധതി നടപ്പിലാക്കാനായി 40422 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

3 (37) <u>കോർസെക്ടറുകൾക്കായി വകയിരുത്തിയിരുന്ന തുക</u>

2006-2007 പദ്ധതിയിൽ 888.06 കോടി രൂപയാണ് കോർസെക്ടറുകൾക്കായി വകയിരുത്തിയിട്ടുള്ളത്.

4 (90 & 92) <u>വിദേശ മലയാളികൾക്കായി ക്ഷേമ പദ്ധതികൾ</u>

വിദേശത്ത് തൊഴിൽതേടി പോകുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, കസ്റ്റംസ്, വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളും അവിടത്തെ സാമൂഹിക സാംസ്ക്കാരിക ചുറ്റുപാടുകളും തുടങ്ങിയവയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി "പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം" എന്ന പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടങ്ങളുമായി സഹകരിച്ചുകൊണ്ട് കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ഏകദിന ശില്പശാലകൾ 2007 ഏപ്രിൽ-മേയ് മാസങ്ങളിൽ നോർക്ക-റൂട്ട്സ് നടത്തുകയുണ്ടായി. പ്രസ്തുത ശില്പശാലകൾ എല്ലാ ജില്ലകളിലും നടത്തുവാനുദ്ദേശിക്കുന്നു. വിദേശമലയാളികൾക്കായി

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നോർക്കാ-റൂട്ട്സ്, 'യുണൈറ്റഡ് ഇൻഡ്യാ' ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലേർപ്പെട്ട് അപകട, സഹായ കുടുംബാരോഗ്യ പദ്ധതിയും എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

5 (120) <u>റേഷൻ കടകളിലേയ്ക്കുള്ള മൊത്തവിതരണ കേന്ദ്രങ്ങൾ</u>

സംസ്ഥാനത്തെ റേഷൻ കടകളിലേയ്ക്കുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിന് 336 മൊത്തവിതരണ കേന്ദ്രങ്ങൾ ഉള്ളതിൽ 9 കേന്ദ്രങ്ങൾ സർക്കാർ സ്ഥാപനമായ സിവിൽസപ്ളൈസ് കോർപ്പറേഷന്റെ അധീനതയിലുള്ളതാണ്.

6 (125) <u>പകർച്ചപ്പനി ബാധിതർക്കുള്ള സൗജന്യറേഷൻ</u>

സംസ്ഥാനത്തൊട്ടാകെ പകർച്ചപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച 352426 കുടുംബങ്ങൾക്ക് 2007 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ സൗജന്യ റേഷൻ നൽകിയതിലൂടെ 2,03,05,268 രൂപ 95 പൈസ ചെലവായിട്ടുണ്ട്.

7 (140) <u>വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി</u>

സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2005-ൽ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി 2006 ഏപ്രിലിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയെ സർക്കാർ സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 12.02.2007-ൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ "വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപനം സംബന്ധിച്ച കരട് ബിൽ" നിയമ, ധനകാര്യ വകുപ്പുകളുടെ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.